DESPATCHED
On. 04/12/21.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP No. 180(2)/2019/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 4044/SIC-G6/2019 )**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.എം. ജോർജ്ജ്,
വടക്കേവിള,
ഡൈമുക്ക് (പി.ഒ),
വണ്ടിപെരിയാർ – 685 533. } പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പീരുമേട് താലൂക്ക് ഓഫീസ്,
ഇടുക്കി – 685 531. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04/02/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 11/03/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 13/03/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 25/03/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 30/03/2019 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 16/11/2021 ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. എം.എം. ജോർജ്ജ്, 11/03/2019 തീയതി സമർപ്പിച്ച പരാതി ഹർജി 13/03/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 180(2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 04/02/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. പെരിയാർ, മഞ്ചുമല വില്ലേജുകളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസം സംബന്ധിച്ചുള്ള ക്യാമ്പുകളിലേയ്ക്ക്, ക്യാമ്പുകളിലെ നടത്തിപ്പിനുവേണ്ടി അനുവദിച്ചുള്ള തുക എത്രയെന്നും
2. വില്ലേജ് ആഫീസർമാർ സമർപ്പിച്ച രേഖകളുടെ കോപ്പി, റിപ്പോർട്ടിന്റെ കോപ്പിയും
3. ബില്ലു മാറുന്നതിന് വൗച്ചർകളുടെയും, ബില്ലിന്റെയും കോപ്പിയും
4. ടി വില്ലേജുകളുടെ കീഴിൽ എത്ര ക്യാമ്പുകൾ നടന്നുവെന്നും എവിടെ യെല്ലാം ആണെന്നും ഓരോ ക്യാമ്പിലും എത്രപേർ പങ്കെടുത്തുവെന്നും എത്ര ദിവസം താമസിച്ചുവെന്നും ഓരോ ക്യാമ്പിലും പങ്കെടുത്തവരുടെ പേരും വിലാസവും

4. എതിർകക്ഷി 11/11/2021-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ 04/02/2019 തീയതിയിലെ അപേക്ഷ 1071/19 നമ്പരായി 06/02/2019-ൽ ടി കാര്യാലയത്തിൽ ലഭിച്ചിരുന്നതും ആയതിനുള്ള മറുപടി 28/02/2019-ൽ ജി2-1071/19 നമ്പരായ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന മേൽവിലാസത്തിൽ അയച്ചു നൽകിയിട്ടുള്ളതാണെന്നും, അപേക്ഷകന് നൽകിയ മറുപടിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷി കളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയിലെ ക്രമ നമ്പർ 2-നു വ്യക്തമായ മറുപടി നൽകണമെന്ന് എതിർകക്ഷിക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 നവംബർ 16–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV